# തഖ്‌വ ശീലിക്കുക

ജമാൽ കടന്നപ്പള്ളി

**തൗഹീദും** തഖ്‌വയും തമ്മിലുള്ള അഭേദ്യമായ ബന്ധം ഖുർആൻ പലേടത്തും ഊന്നിപ്പറയുന്നുണ്ട്. "ജനങ്ങളേ, നിങ്ങളുടെയും നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ സകലരുടെയും സ്രഷ്ടാവായ റബ്ബിന് ഇബാദത്ത് ചെയ്യുവിൻ. അതുവഴി നിങ്ങൾക്ക് തഖ്‌വയുള്ളവരാകാം'' (*അൽബഖറ* 21). "നാം നൂഹിനെ അദ്ദേഹത്തിന്റെ ജനത്തിലേക്കയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങൾ തഖ്‌വ പുലർത്തുന്നില്ലേ?" (*അൽമുഅ്മിനൂൻ* 27). "പിന്നെ, അവർക്കു ശേഷം നാം മറ്റൊരു കാലഘട്ടത്തിലെ ജനത്തെ വളർത്തിക്കൊണ്ടുവന്നു. എന്നിട്ട് അവരിലേക്ക് അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചു- അദ്ദേഹം അവരെ പ്രബോധനം ചെയ്തു- അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ. അവനല്ലാതെ നിങ്ങൾക്ക് യാതൊരു ദൈവവുമില്ല. നിങ്ങൾ തഖ്‌വ പുലർത്തുന്നില്ലേ?'' (*അൽമുഅ്മിനൂൻ* 31,32).

മനുഷ്യസംസ്കരണത്തിന് അത്യന്താപേക്ഷിതമാണ് തഖ്‌വ. നബി(സ)അരുൾ ചെയ്യുന്നു: "നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹുവോട് തഖ്‌വയുള്ളവരായിരിക്കുക. തിന്മക്കു പിറകെ നന്മയെ ചേർക്കുക. ആ നന്മ തിന്മയെ മായിച്ചുകളയും. ആളുകളോട് നല്ല സ്വഭാവത്തോടെ പെരുമാറുക'' (തിർമിദി). യഥാർഥ മുത്തഖി സംസ്കരണം സിദ്ധിച്ചവനായിരിക്കുമെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. തഖ്‌വയുടെ ആത്മാവ് ദൈവഭയമത്രെ. അല്ലാഹുവെയും അന്ത്യദിനത്തെയും നരകശിക്ഷയെയും ഭയപ്പെട്ടുകൊണ്ട്, ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ നിർദേശിക്കപ്പെട്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനെയാണ് തഖ്‌വ എന്നു പറയുന്നത്. ദൈവഭയം തഖ്‌വയുടെ അകക്കാമ്പും സംസ്കരണം തഖ്‌വയുടെ പ്രായോഗിക രൂപവുമാണ്. വിശുദ്ധ ഖുർആൻ പലയിടങ്ങളിലായി അക്കാര്യം വിശദമാക്കുന്നു: "നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ. വിശ്വാസത്തിന്റെയും തഖ്‌വയുടെയും മാർഗം സ്വീകരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് മഹത്തായ പ്രതിഫലം ലഭിക്കുന്നതാകുന്നു" (*ആലുഇംറാൻ* 179). "ഈ ഐഹികജീവിതം ഒരു കളിതമാശയാകുന്നു. നിങ്ങൾ വിശ്വാസമുള്ളവരാവുകയും തഖ്‌വയോടെ ചരിക്കുകയുമാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് പ്രതിഫലം തരും" (*മുഹമ്മദ്* 36). "ഒരുവൻ അല്ലാഹുവിനോട് തഖ്‌വ പുലർത്തിക്കൊണ്ട് വർത്തിച്ചാൽ അവന് വിഷമത്തിൽനിന്ന് മോചനം നേടാൻ അല്ലാഹു ഒരു മാർഗം-മഖ്റജ്- ഉണ്ടാക്കിക്കൊടുക്കും. അവൻ ഊഹിക്കപോലും ചെയ്യാത്ത മാർഗത്തിലൂടെ അവന് വിഭവമരുളുകയും ചെയ്യും.... ആർ അല്ലാഹുവിനോട് തഖ്‌വ പുലർത്തുന്നുവോ അയാളുടെ കാര്യത്തിൽ അവൻ ആശ്വാസമുണ്ടാക്കിക്കൊടുക്കും. ഇത് അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചിട്ടുള്ള വിധിയാകുന്നു. ഒരുവൻ അല്ലാഹുവിനോട് തഖ്‌വ പുലർത്തുന്നുവെങ്കിൽ അല്ലാഹു അവന്റെ പാപങ്ങൾ ദൂരീകരിക്കുന്നതും അവന് മഹത്തായ പ്രതിഫലം നൽകുന്നതുമാകുന്നു'' (*അത്ത്വലാഖ്* 2-5). ''നിങ്ങൾ സഹനത്തോടും തഖ്‌വയോടും പ്രവർത്തിക്കുകയാണെങ്കിൽ അവരുടെ കുതന്ത്രങ്ങളൊന്നും നിങ്ങൾക്ക് ഏശുന്നതല്ല" (*ആലുഇംറാൻ* 120). "വല്ലവരും തഖ്‌വയോടെ, ക്ഷമയോടെ കർമമനുഷ്ഠിക്കുന്നുവെങ്കിൽ അല്ലാഹു അത്തരം സജ്ജനങ്ങളുടെ കർമഫലം പാഴാക്കിക്കളയുകയില്ല'' (*യൂസുഫ്* 90). "നിങ്ങൾ സ്വന്തം ചര്യകൾ സംസ്കരിക്കുകയും അല്ലാഹുവോട് തഖ്‌വ പുലർത്തുകയുമാണെങ്കിൽ അല്ലാഹു പൊറുക്കുന്നവനും ദയാപരനുമാകുന്നു" (*അന്നിസാഅ്* 129).

നമസ്കാരത്തിൽ പ്രവാചകന്റെ ഹൃദയം വിറകൊള്ളാറുണ്ടായിരുന്നുവെന്ന് സ്വഹാബിമാർ സാക്ഷ്യം വഹിക്കുന്നു. വറവുചട്ടിയിലെ എണ്ണ പോലെ നബി(സ)യുടെ നെഞ്ചിൽനിന്ന് ഒരു പ്രത്യേക ശബ്ദം പുറപ്പെട്ടിരുന്നതായി ചരിത്രത്തിൽ നാം വായിക്കുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോഴും ഇതായിരുന്നു അവസ്ഥ. നബി(സ) ഒരിക്കലും പൊട്ടിച്ചിരിക്കാറുണ്ടായിരുന്നില്ല. അനുചരന്മാരെയും മറ്റുള്ളവരെയും കാണുമ്പോൾ നബി(സ)യുടെ മുഖത്ത് പ്രസന്നമധുരമായ പുഞ്ചിരിയുണ്ടാവുമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സാധാരണഗതിയിൽ അദ്ദേഹം അഗാധമായ ചിന്തയിലായിരിക്കും. തിർമിദി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: "അദ്ദേഹം വിഷാദനിരതനും ചിന്താമഗ്നനുമായിരുന്നു."

പ്രവാചകന്റെ അനുചരന്മാരും അസാധാരണമായ ഭയഭക്തിയുടെ ഉടമകളായിരുന്നു. അല്ലാഹുവെ ഓർത്ത് കരയുന്നതിനാൽ അബൂബക്റി(റ)നെ, 'ബക്കാഅ്' (കരയുന്നവൻ) എന്നായിരുന്നു പലരും വിളിച്ചിരുന്നത്. "നിന്റെ നാഥന്റെ ശിക്ഷ തീർച്ചയായും സംഭവിക്കുന്നതാണ്. അതിനെ തടയുന്നവരാരുമില്ല" (*അത്ത്വൂർ* 7,8) എന്ന സൂക്തങ്ങൾ ശ്രവിച്ച മാത്രയിൽ ഉമർ(റ) തളർന്നുപോവുകയും രോഗബാധിതനാവുകയും

ചെയ്തു.

## കഴിവുകളാർജിക്കൽ

തൗഹീദിന്റെ സംസ്ഥാപനത്തിന് തഖ്‌വ മാത്രം പോര. പ്രത്യുത കഴിവുകളാർജിക്കുകയും ശക്തി സമാഹരിക്കുകയും കൂടി വേണം. "അവർക്കെതിരിൽ നിങ്ങൾ നിങ്ങളുടെ കഴിവിൻപടി അധികമധികം ശക്തി സംഭരിക്കുകയും സുസജ്ജമായ കുതിരപ്പടയെ ഒരുക്കിനിർത്തുകയും ചെയ്യുവിൻ. അതുവഴി അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുക്കളെ ഭയപ്പെടുത്താം. അവരെ കൂടാതെ ഇപ്പോൾ നിങ്ങൾക്കറിഞ്ഞുകൂടാത്തതും അല്ലാഹുവിനറിയുന്നതുമായ മറ്റു ശത്രുക്കളെയും. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്താവട്ടെ, അതിന്റെ സമ്പൂർണമായ പ്രതിഫലം നിങ്ങൾക്ക് നൽകപ്പെടുന്നതാകുന്നു. നിങ്ങളോട് ഒരിക്കലും അനീതിയുണ്ടാവുന്നതല്ല'' (*അൽ അൻഫാൽ* 60). തൗഹീദീ പരിവർത്തനം വെറും ആത്മീയമല്ല. ആത്മീയശക്തി കൊണ്ടു മാത്രം നവോത്ഥാനം നടക്കുകയുമില്ല. അവിടെയാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്ന കഴിവുകൾ ആർജിക്കേണ്ടതിന്റെ പ്രസക്തി. സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, തൊഴിൽമേഖലകളിലെല്ലാം സമൂഹം മുന്നേറേണ്ടതുണ്ട്. ബദ്റിലും ഉഹുദിലും അഹ്സാബിലുമെല്ലാം അല്ലാഹു മലക്കുകളെ ഇറക്കി വിശ്വാസികളെ സഹായിച്ചത് തഖ്‌വയും ഖുവ്വത്തും (ശക്തിയാർജിക്കൽ) എന്ന മൗലികോപാധികൾ അവർ പൂർത്തിയാക്കിയതുകൊണ്ടായിരുന്നു. തൗഹീദിനെ ഒരു തെല്ലിൽനിന്നല്ല അവർ മനസ്സിലാക്കിയത്. തൗഹീദ് അവർ സമ്പൂർണമായി ഉൾക്കൊണ്ടു. അതിനാൽ ആത്മീയ വികാസത്തോടൊപ്പം ഭൗതിക വികാസവും നേടി. 'ഭക്തരും പ്രാപ്തരും' എന്ന ചേർച്ച ഇസ്‌ലാമിക ചരിത്രത്തിലുടനീളം കാണാം. അതിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെടുമ്പോൾ തൗഹീദിന്റെ ആന്തരികബലവും സൗന്ദര്യവും ചോർന്നുപോവും.

ആത്മീയ പുരോഗതിയാർജിക്കൽ മാത്രമല്ല വിശ്വാസി സമൂഹത്തിന്റെ ദൗത്യം. അതിനപ്പുറം ആത്മീയാടിത്തറയിൽതന്നെ ഒരു സമൂഹത്തെ സംവിധാനിക്കേണ്ടതുണ്ട്. രാഷ്ട്രത്തെയും ലോകത്തെയും മാറ്റിപ്പണിയേണ്ടതുണ്ട്. "അല്ലാഹു ആദമിന് സകല വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു" (*അൽബഖറ* 31). ഇവിടെ 'അസ്മാഅ്' അഥവാ നാമങ്ങൾ എന്നു പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസത്തെക്കുറിച്ചാണ്. നിസ്സംശയം ഭൂമിയിൽ ഖിലാഫത്ത് എന്ന ഭാരിച്ച ഉത്തരവാദിത്വം നിർവഹിക്കണമെങ്കിൽ നമുക്ക് സമഗ്രമായ ജ്ഞാനം കൂടിയേ തീരൂ. പ്രത്യേകിച്ച് ശാസ്ത്ര, സാങ്കേതിക വിദ്യകളിലുള്ള മുന്നേറ്റം. കാരണം അതിന്റെ വക്താക്കളാണ് ഇന്ന് ലോകം ഭരിക്കുന്നത്. നാളെ ലോകം ഭരിക്കേണ്ടവർക്കും ഈ വിജ്ഞാനശാഖയിൽ വ്യുൽപത്തി നേടാതെ നിർവാഹമില്ല.

ഖലീഫയെന്ന നിലയിൽ നമ്മുടെ മേൽ വന്നുവീഴുന്ന വൻ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടതാണ് പരിസ്ഥിതി സംരക്ഷണം (ഇമാറത്തുൽ അർദ്). ഭൂമിയിലെ മുഴുവൻ വസ്തുക്കളെയും യഥാവിധി ഉപയോഗപ്പെടുത്തുന്നതോടൊപ്പം അവയെ സംരക്ഷിക്കാൻ കൂടി നാം ബാധ്യസ്ഥരാണ്. വിശുദ്ധ ഖുർആൻ ഇക്കാര്യം വിവിധ രൂപേണ പറഞ്ഞിട്ടുണ്ട്: "ആകാശഭൂമികളുടെയും പർവതങ്ങളുടെയും മുമ്പിൽ നാം ഈ അമാനത്ത് വെച്ചു. അപ്പോൾ അതേറ്റെടുക്കാൻ അവ സന്നദ്ധമായില്ല. അവയതിനെ ഭയപ്പെട്ടു. പക്ഷേ മനുഷ്യൻ അതേറ്റെടുത്തു" (*അൽഅഹ്സാബ്* 72). ഈ അമാനത്തും ഖിലാഫത്തും യഥാവിധി നിർവഹിച്ചതിനാലാണ് വിശാലമായ ഇസ്‌ലാമിക രാഷ്ട്ര സമുച്ചയത്തിൽ അത്ഭുതാവഹമായ ശാസ്ത്ര പുരോഗതിയും നാഗരികതയും വളർന്നപ്പോഴും പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതിരുന്നത് (പതിനൊന്നാം നൂറ്റാണ്ടിൽ ബഗ്ദാദ് നിവാസികളുടെ എണ്ണം രണ്ടു ദശലക്ഷത്തിലധികമായിരുന്നു).


**തൗഹീദീ പരിവർത്തനം വെറും ആത്മീയമല്ല. ആത്മീയശക്തി കൊണ്ടു മാത്രം നവോത്ഥാനം നടക്കുകയുമില്ല. അവിടെയാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്ന കഴിവുകൾ ആർജിക്കേണ്ടതിന്റെ പ്രസക്തി. സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, തൊഴിൽമേഖലകളിലെല്ലാം സമൂഹം മുന്നേറേണ്ടതുണ്ട്. തൗഹീദിനെ ഒരു തെല്ലിൽനിന്നല്ല അവർ മനസ്സിലാക്കിയത്. തൗഹീദ് അവർ സമ്പൂർണമായി ഉൾക്കൊണ്ടു. അതിനാൽ ആത്മീയ വികാസത്തോടൊപ്പം ഭൗതിക വികാസവും നേടി. 'ഭക്തരും പ്രാപ്തരും' എന്ന ചേർച്ച ഇസ്‌ലാമിക ചരിത്രത്തിലുടനീളം കാണാം. അതിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെടുമ്പോൾ തൗഹീദിന്റെ ആന്തരികബലവും സൗന്ദര്യവും ചോർന്നുപോവും.**


ഭയഭക്തിയും കഴിവും (തഖ്‌വ, ഖുവ്വത്ത്) എക്കാലത്തും ഇസ്‌ലാമിക നവോത്ഥാനത്തിന്റെ രണ്ടു ചക്രങ്ങളാണ്. പ്രവാചകസുന്നത്തിൽ തന്നെ അതിന് നിരവധി മാതൃകകളുണ്ട്. നമ്മുടെ പരമ്പരാഗത മതസങ്കൽപമനുസരിച്ച് ഖാലിദുബ്നു വലീദി(റ)നെ അളന്നാൽ നാം നിരാശരാവും. എന്നാൽ റസൂൽ(സ) അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'അല്ലാഹുവിന്റെ ഖഡ്ഗം' എന്നത്രെ. 'മുഅ്ത്ത' യുദ്ധത്തിൽ സർവസൈന്യാധിപനാവുമ്പോൾ ഖാലിദ് ഇസ്‌ലാമിലേക്ക് വന്നിട്ട് മാസങ്ങളേ ആയിരുന്നുള്ളൂ. ആ രംഗം കാണുക: മുഅ്ത്തയിൽ രണ്ട് ലക്ഷം വരുന്ന റോമാ സൈന്യത്തോട് ഏറ്റുമുട്ടി ഇസ്‌ലാമിന്റെ മൂന്നു സൈനികതലവന്മാരും -സൈദ്ബ്നു ഹാരിസ്, ജഅ്ഫറുബ്നു അബീത്വാലിബ്, അബ്ദുല്ലാഹിബ്നു റവാഹ- രക്തസാക്ഷികളായി. അതേതുടർന്ന് മുസ്‌ലിം യോദ്ധാക്കളുടെ മനോവീര്യം തളരുമോയെന്ന് ചിലരെങ്കിലും ഭയപ്പെട്ടു. അപ്പോൾ അവസരത്തിനൊത്തുയർന്ന സാബിതുബ്നു അക്റം(റ) ഇസ്‌ലാമിക പക്ഷത്തിന്റെ പതാക കൈയിലേന്തി നേരെ ഖാലിദിന്റെ അടുത്തേക്ക് വന്നു. 'അബൂസുലൈമാൻ കൊടി പിടിക്കൂ'- അദ്ദേഹം അഭ്യർഥിച്ചു. അപ്പോൾ 'പുതുവിശ്വാസി'യായ ഖാലിദ്(റ) പറഞ്ഞു: 'ഇല്ല,ഞാൻ കൊടിപിടിക്കുകയില്ല. എന്നേക്കാൾ അതിനു യോഗ്യൻ താങ്കളാണ്. പ്രായവും ബദ്റിൽ പങ്കെടുത്ത പാരമ്പര്യവും താങ്കൾക്കാണ്'. അപ്പോൾ സാബിത് (റ) പറഞ്ഞ മറുപടി: 'താങ്കൾ തന്നെ പിടിക്കുക. എന്നേക്കാൾ യുദ്ധതന്ത്രം അറിയുന്ന ആൾ താങ്കളാണ്. താങ്കളെ ഏൽപിക്കാൻ മാത്രമാണ് ഞാൻ കൊടി എടുത്തത്.' അനന്തരം അദ്ദേഹം മുസ്‌ലിംകളോട് വിളിച്ചു ചോദിച്ചു: 'ഖാലിദിന്റെ നേതൃത്വം നിങ്ങൾക്ക് സമ്മതമാണോ?' അവർ ഏകസ്വരത്തിൽ സമ്മതം മൂളി. ഉമർ(റ), ഉസ്മാൻ(റ) എന്നിവരുടെ ഭരണത്തിലും ഇങ്ങനെ ഖുവ്വത്തിന് മുഖ്യ പരിഗണന നൽകിയതിന് ഉദാഹരണങ്ങളുണ്ട്.

തഖ്‌വയോടൊപ്പം ഖുവ്വത്തും ഉണ്ടെങ്കിലേ സമുദായത്തിന് അന്തസ്സ് (ഇസ്സത്ത്) കൈവരികയുള്ളൂ എന്ന് സാരം. അപ്പോൾ മാത്രമേ തൗഹീദീ സംസ്ഥാപനം പൂർണമാവുകയുള്ളൂ. ■